## ജില്ലാ പ്രോജക്ട് ഓഫീസറുടെ നടപടിക്രമം

## എസ്എസ്എ, എറണാകുളം

## (ഹാജർ : ശ്രീമതി. എം. സുഹുറ ബീവി )

വിഷയം – എസ്എസ്എ എറണാകുളം -സ്കൂൾ ഗ്രാന്റ് 2014-15 -സ്കൂളുകൾക്ക് ഫണ്ട് വിതരണം ചെയ്യുന്നതിന് ബി ആർ സികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന – 1. AWP & B 2014-15

2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 6/11/2014ലെ പി4-4012/2014/എസ് എസ് എ നമ്പർ സർക്കുലർ

**ഉത്തരവ് നം എ1 -1464/14/SSA/EKM തീയതി 7/11/2014**

2014-15 വർഷത്തെ വാർഷിക പദ്ധതിയിലെ 16.01 ൽ എൽ പി സ്കൂളുകൾക്കും 16.02 ൽ യു. പി സ്കൂളുകൾക്കും സ്കൂൾ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം സ്കൂൾ ഗ്രാന്റ് വിതരണം നടത്തുന്നതിന് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരും അതാത് ബി ആർ സികളുടെ പരിധിയിലുള്ള LP / UP സ്കൂളുകൾക്ക് എസ് എസ് എ യുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഒരു എൽ പി സ്ക്കൂളിന് 5000/- രൂപയും ഒരു യു പി സ്ക്കൂളിന് 7000/- രൂപയും എന്ന ക്രമത്തിൽ അനുവദിച്ചുത്തരവാകേണ്ടതാണ്. സ്കൂൾ ഗ്രാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അറിവോടെ വിതരണം ചെയ്യേണ്ടതാണ്. സ്കൂൾ ഗ്രാന്റ് ഇ- ട്രാൻസ്ഫർ വഴി വിതരണം ചെയ്യേണ്ടതും സ്കൂൾ എച്ച് എം ൽ നിന്നും ആവശ്യമായ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. പഠന സൗഹൃദ ക്ലാസ്മുറികൾ ഉറപ്പാക്കുക വഴി വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നുവെന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിർദ്ദേശങ്ങൾ ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്ന് ബി പി ഒ ഉറപ്പുവരുത്തേണ്ടതുമാണ്. തുക ചെലവഴിച്ചു കഴിഞ്ഞാൽ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഈ ചെലവ് "AWP & B 2014-15 LP-UP സ്കൂൾ ഗ്രാന്റ്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ജില്ലാ പ്രോജക്ട് ഓഫീസർ
എറണാകുളം

സ്വീകർത്താവ്
എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ് :
1. അക്കൗണ്ട്സ് ഓഫീസർ
2 അക്കൗണ്ട്സ് സെക്ഷൻ
3. എ2 ഫയൽ
4 സംഭരണ ഫയൽ

## സ്കൂൾഗ്രാന്റ് വിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ:

1. എല്ലാ ഗ്രാന്റുകളും സമഗ്രമായികണ്ട് സ്ക്കൂളുകളിൽ മാറ്റമുണ്ടാകാനുതകും വിധം വിനിയോഗിക്കണം.
2. പഠന സൗഹൃദ ക്ലാസ്മുറികൾ ഉറപ്പാക്കുക വഴി വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
3. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG), SMC/ PTA എന്നിവയിൽ ചർച്ചചെയ്ത് വേണം സ്കൂൾ ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

### I യു പി വിഭാഗം ( 7000/-)

| | | | |
|---|---|---|---|
| (a) | ശാസ്ത്ര/ ഗണിത ശാസ്ത്ര/ സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ ലഘുപഠനോപകരണങ്ങൾ ഉറപ്പാക്കുന്നതിന് പരമാവധി രൂപ | - | 1500/- |
| (b) | ശുചിത്വം സ്കൂളിലെ എല്ലാ ടോയ്‌ലറ്റും ഉപയോഗക്ഷമമാണെന്ന് ഉറപ്പ് വരുത്തണം. ടോയ്‌ലറ്റ് ക്ലീനിങ്ങ് ബ്രഷ്, ബക്കറ്റ്, മഗ്, ലോഷൻ, സോപ്പ്, ചൂൽ തുടങ്ങിയവ ടോയ്‌ലറ്റിൽ ആവശ്യത്തിന് ഉറപ്പ് വരുത്തുന്നതിന് (ഇത്തരത്തിൽ വാങ്ങുന്നവ സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കണം) പരമാവധി രൂപ | - | 3000/- |
| (c) | എല്ലാ ക്ലാസിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള സംവിധാനം (അടപ്പോട് കൂടിയ ടാപ്പുള്ള മൺകലം/കൂജ സ്റ്റീൽ ടംബ്ലറുകൾ തുടങ്ങിയവ) പരമാവധി രൂപ | - | 1500/- |
| (d) | വിദ്യാർത്ഥികൾക്കാവശ്യമായ കളിയുപകരണങ്ങളായ ചെസ്ബോർഡ്, കാരംബോർഡ്, സ്കിപ്പിങ്ങ്റോപ്പ്, ഫുഡ്ബാൾ, ടെന്നി കോയ്റ്റ് തുടങ്ങിയവ സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് (സ്ക്കൂൾ ഗ്രൗണ്ട്) വാങ്ങുന്നതിന് – പരമാവധി രൂപ | - | 1000/- |

### II എൽ പി (5000/- രൂപ)

| | | | |
|---|---|---|---|
| (a) | ശാസ്ത്ര/ ഗണിത ശാസ്ത്ര/ സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ ലഘുപഠനോപകരണങ്ങൾ നിർമ്മിക്കൽ പരമാവധി രൂപ | - | 1000/- |
| (b) | സ്കൂളിലെ എല്ലാ ടോയ്‌ലറ്റും അധ്യയന വർഷം മുഴുവൻ ഉപയോഗ ക്ഷമമാണെന്ന് ഉറപ്പ് വരുത്തണം. ടോയ്‌ലറ്റ് ക്ലീനിങ്ങ് ബ്രഷ്, ബക്കറ്റ്, മഗ്, ലോഷൻ, സോപ്പ്, ചൂൽ തുടങ്ങിയവ എല്ലാ ടോയ്‌ലറ്റിലും ഉറപ്പാക്കുന്നതിന് (ഇവ സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കണം) പരമാവധി രൂപ | - | 1500/- |
| (c) | എല്ലാ ക്ലാസിലും ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നതിന് (അടപ്പോട് കൂടിയ ടാപ്പുള്ള മൺകലം/ കൂജ സ്റ്റീൽ ടംബ്ലറുകൾ തുടങ്ങിയവ) – പരമാവധി രൂപ | - | 1000/- |
| (d) | സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തുന്നതിനായി റാക്ക്, അലമാര, ഓരോ ക്ലാസിലും പുസ്തക പ്രദർശന ബോർഡ് തുടങ്ങിയവ ഉറപ്പാക്കുന്നതിന്. | - | 1000/- |
| (e) | വിദ്യാർത്ഥികൾക്കാവശ്യമായ കളിയുപകരണങ്ങൾ ഉറപ്പാക്കണം ഗെയിംബോർഡ്, കാരംബോർഡ്, സ്കിപ്പിങ്ങ്റോപ്പ്, ടെന്നി കോയ്റ്റ് തുടങ്ങിയവ സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് ലഭ്യമാക്കുന്നതിന് പരമാവധി രൂപ | - | 500/- |

(ഒപ്പ്)

ജില്ലാ പ്രോജക്ട് ഓഫീസർ
എസ്എസ്എ, എറണാകുളം